"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പറക്കോട് ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ കോവിഡ് പ്രതിരോധം ഉറപ്പാക്കുന്നതിനുള്ള മാസ്ക്, കയ്യുറകൾ എന്നിവ ലഭ്യമാക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1447/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/08/2020

പരാമർശം:- 1 സ.ഉ.(സാധാ) നം.771/2020/ത.സ്വ.ഭ.വ തീയതി 21.04.2020

2 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.06.2020-ലെ 2165//ഇ.ജി.എസ്.സി/17ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

കോവിഡ്-19 പശ്ചാത്തലത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾ സാമൂഹിക അകലം പാലിച്ചും ഫെയിസ് മാസ്ക് നിർബന്ധമായും ധരിച്ചും ആയിരിക്കണം പ്രവൃത്തി എടുക്കേണ്ടതെന്ന കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, തൊഴിലാളികൾക്ക് ആവശ്യമായ ഫെയിസ് മാസ്ക്, കയ്യുറ എന്നിവ കുടുംബശ്രീ അപ്പാരൽ പാർക്ക്/ചെറുകിട സംരംഭക യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും സംഭരിക്കാനും ഇതിലേക്കാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിക്കാനും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിന് കീഴിലുള്ള കൊടുമൺ,ഏനാദിമംഗലം, ഏറത്ത്, കടമ്പനാട്, പള്ളിക്കൽ, കലഞ്ഞൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലാളികൾക്കാവശ്യമായ മേൽ പറഞ്ഞ വസ്തുക്കൾ ലഭ്യമാക്കാൻ ആവശ്യമായ തുക തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽ ലഭ്യമല്ലാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ടി ഗ്രാമപഞ്ചായത്തുകൾക്ക് 3,97,500/-രൂപ അനുവദിച്ച് നൽകിയതായും ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ആവശ്യപ്പെട്ടതായും പരാമർശം ( 2 ) പ്രകാരം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി. കോവിഡ്-1 9 പ്രതിസന്ധിയിൽ ഗ്രാമീണ കുടുംബങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിലേക്കായാണ് തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുനഃരാരംഭിച്ചതെന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി ഒരു അടിയന്തിര സാഹചര്യത്തിൽ സ്വീകരിച്ച നടപടിയായി കരുതി സാധൂകരിക്കാവുന്നതാണെന്നും മിഷൻ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ പറക്കോട് ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ കോവിഡ് പ്രതിരോധം ഉറപ്പാക്കുന്നതിനുള്ള മാസ്ക്, കയ്യുറകൾ എന്നിവ

ലഭ്യമാക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 3,97,500/-രൂപ അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രസിഡന്റ്/സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAMN
Date: 2020.[illegible] 14:04:19 IST
Reason: Approved

സെക്ഷൻ ഓഫീസർ